# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2650 — 12.03.2018-ൽ മറുപടിക്ക്

### അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ അടച്ചു പൂട്ടുമ്പോൾ ഇതുമായി ബന്ധപ്പെട്ട് ബാലാവകാശ കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 16.03.2016 - ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിന്, 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലും 2011 - ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവായിരുന്നു. |
| (ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നയം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) കേന്ദ്ര സർക്കാരിന്റെ 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ സ്കൂളുകൾ അടച്ചു പൂട്ടുമ്പോൾ കുട്ടികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/ എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനുമുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ നിലവിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും തുടർ പ്രവർത്തനം നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. തുടർന്നാണ് 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ